**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4170** **18-07-2022 - ൽ മറുപടിയ്ക്ക്**

**ചരക്കു സേവന നികുതി നിയമത്തിലുണ്ടാകുന്ന മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചരക്കു സേവന നികുതി നിയമം അടിക്കടി മാറ്റുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;എങ്കിൽ ഈ അടുത്ത കാലത്ത് നിയമത്തിലുണ്ടായ മാറ്റങ്ങൾ വിശദമാക്കാമോ ; | (എ) | ചരക്ക് സേവന നികുതി നിയമത്തിലും ചട്ടങ്ങളിലും അടിക്കടി ഭേദഗതികൾ വരുത്തുന്നുണ്ട്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല.<br><br>ജി.എസ്.ടി.-യുടെ തുടക്കത്തിൽ വാങ്ങലും (Inward supply) വിൽക്കലും (outward supply) പ്രത്യേകമായി കാണിക്കുന്ന രണ്ടു റിട്ടേണുകളും (GSTR 1 & GSTR 2) പേയ്മെന്റ് ചെയ്യുന്നതിനായി മൂന്നാമതൊരു റിട്ടേണും (GSTR 3) അടങ്ങിയ ഒരു ഫോർമാറ്റ് ആണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇതിൽ GSTR 1 മാത്രമാണ് നടപ്പാക്കാനായത്. പേയ്മെന്റ് ചെയ്യുന്നതിനായി GSTR 3B എന്ന പുതിയ റിട്ടേൺ കൊണ്ടുവന്നു. കോമ്പോസിഷൻ രീതിയിൽ ടാക്സ് അടയ്ക്കുന്നവരുടെ റിട്ടേൺ സംവിധാനത്തിൽ അടുത്തിടെ വ്യത്യാസം വരുത്തുകയുണ്ടായി. QRMP (Quarterly Return Monthly Payment) സംവിധാനം കൊണ്ടുവന്നു. ഇ-ഇൻവോയ്സിങ് കൊണ്ടുവരുകയും അതിന്റെ പരിധിയിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. 2022-ലെ കേന്ദ്ര ധനകാര്യ നിയമപ്രകാരം CGST നിയമത്തിലെ 16, 29, 34, 37, 38, 39, 41, 47, 48, 49, 50, 52, 54 എന്നീ വകുപ്പുകളിൽ ഭേദഗതികൾ വരുത്തുകയുണ്ടായി. 42, 43, 43A എന്നീ വകുപ്പുകൾ ഒഴിവാക്കി. ഇതുമായി ബന്ധപ്പെട്ട ഭേദഗതികൾ സംസ്ഥാന നിയമങ്ങളിൽ വരുത്തുന്നതിനായി, 2022-ലെ കേരള ധനകാര്യ ബില്ലിൽ പ്രസ്തുത ഭേദഗതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരാണോ ഈ മാറ്റം കൊണ്ടുവരുന്നതെന്നും, അതല്ല സംസ്ഥാന സർക്കാരിനും ഇതിൽ പങ്കുണ്ടോയെന്നും വ്യക്തമാക്കാമോ ; | (ബി) | ജി.എസ്.ടി. സംവിധാനത്തിന്റെ നടപടികളുമായി ബന്ധപ്പെട്ട് നിരവധി കമ്മിറ്റികൾ നിലവിലുണ്ട്. ലാ കമ്മിറ്റി (Law Committee), ഫിറ്റ്മെന്റ് കമ്മിറ്റി, ഐ.ടി. കമ്മിറ്റി, ജി.എസ്.ടി. ഇമ്പ്ലിമെന്റേഷൻ കമ്മിറ്റി തുടങ്ങിയവ അവയിൽ പ്രധാനപ്പെട്ടതാണ്. |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി. സംബന്ധമായി കേന്ദ്ര സർക്കാരും സംസ്ഥാനങ്ങളും ഉന്നയിക്കുന്ന പ്രശ്നങ്ങളും മറ്റു പല മേഖലകളിൽ നിന്നും വരുന്ന നിവേദനങ്ങളും അതാതു കമ്മിറ്റികൾ പരിശോധിക്കുകയും അവരുടെ ശിപാർശ ജി.എസ്.ടി. കൗൺസിലിൽ സമർപ്പിക്കുകയും ചെയ്യും. ഇത് കൂടാതെ ചില പ്രത്യേക മേഖലകളിൽ പഠനം നടത്തി ശിപാർശ സമർപ്പിക്കുന്നതിനായി മന്ത്രിമാരുടെ സംഘത്തെ ജി.എസ്.ടി. കൗൺസിൽ നിയോഗിക്കുകയും ചെയ്യാറുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന ശിപാർശകൾ കേന്ദ്ര ധനകാര്യമന്ത്രിയും എല്ലാ സംസ്ഥാനങ്ങളിലെയും ധനകാര്യ മന്ത്രിമാരും അംഗങ്ങളായ ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്തിട്ടാണ് അന്തിമ തീരുമാനം എടുക്കുന്നത്. നിലവിൽ കേന്ദ്രത്തിന് അപ്രമാദിത്യമുള്ള ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തി വരുന്നത്. |
| (സി) | ഈ അടുത്തകാലത്ത് ജി.എസ്.ടിയ്ക്കെതിരെ വ്യാപാരികൾ സമരത്തിന് ഇറങ്ങിയതും, അവർ ഉന്നയിക്കുന്ന ആവശ്യങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വ്യക്തമാക്കാമോ ; | (സി) | ജി.എസ്.ടി. സംബന്ധമായി വ്യാപാരികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ സർക്കാർ മുൻകൈ എടുത്ത് സമയബന്ധിതമായി തീർപ്പാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. വ്യാപാരികളുടെ പ്രശ്നങ്ങൾ ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ ശ്രദ്ധ ചെലുത്തുന്നുണ്ട്. കേന്ദ്രീകൃതമായ ജി.എസ്.ടി. സംവിധാനത്തിൽ, സംസ്ഥാനത്തിന് മാത്രമായി മാറ്റം വരുത്തുന്നതിനോ തീരുമാനങ്ങൾ നടപ്പാക്കുന്നതിനോ നിലവിൽ സാധിക്കുകയില്ല. |
| (ഡി) | ജി.എസ്.ടിയിൽ കൊണ്ടുവന്ന പുതിയ മാറ്റങ്ങൾ മൂലം വൻകിട-ചെറുകിട കച്ചവടക്കാർക്ക് നിലനിൽക്കാൻ പ്രയാസമുണ്ടെന്ന് പറയപ്പെടുന്നതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ ? | (ഡി) | മൂല്യവർദ്ധിത നികുതിയിൽ നിന്നും വിഭിന്നമായി ജി.എസ്.ടി. സംവിധാനത്തിൽ ചരക്കുകൾ മാത്രം കൈകാര്യം ചെയ്യുന്ന കച്ചവടക്കാർ 40 ലക്ഷത്തിന് മുകളിൽ വിറ്റുവരവുണ്ടെങ്കിൽ മാത്രം രജിസ്ട്രേഷൻ എടുത്താൽ മതിയാകും. ഇത് കൂടാതെ ഒന്നരക്കോടി വരെ വിറ്റുവരവ് ഉള്ളവർക്കായി കോമ്പോസിഷൻ സ്കീമും അഞ്ചുകോടി വരെ വിറ്റുവരവ് ഉള്ളവർക്കായി QRMP (Quarterly Return Monthly Payment) സ്കീമും നിലവിലുണ്ട്. ജി.എസ്.ടി. നിയമത്തിൽ രജിസ്ട്രേഷൻ വ്യവസ്ഥകൾ ലളിതമായതു കാരണം കൃത്രിമമായ രേഖകളുടെ സഹായത്തോടെ വ്യാജ രജിസ്ട്രേഷനുകൾ എടുക്കുകയും ഇൻപുട്ട് ടാക്സുമായി ബന്ധപ്പെട്ട് വലിയതോതിലുള്ള നികുതി വെട്ടിപ്പുകൾ നടത്തുകയും ചെയ്തതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി നികുതി നിയമങ്ങളിൽ ഭേദഗതികൾ വരുത്തുകയും |

| | | | |
|---|---|---|---|
| | | | ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിൽ കർശന നിയന്ത്രണങ്ങൾ കൊണ്ടുവരുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് വലിയ രീതിയിലുള്ള വരുമാന നഷ്ടം ഉണ്ടാക്കുന്ന നികുതി വെട്ടിപ്പുകൾ തടയുന്നതിനാണ് ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ